തിരുവനന്തപുരം - മംഗലാപുരം അതിവേഗ റെയിൽവേ പദ്ധതി

288 (637) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുമ്പ് നിർദ്ദേശിക്കപ്പെട്ട തിരുവനന്തപുരം - മംഗലാപുരം അതിവേഗ റെയിൽവേ പദ്ധതിയുടെ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതിക്കായുള്ള സർവ്വേ നടപടികൾ പൂർത്തിയായോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിക്ക് പ്രതീക്ഷിക്കാവുന്ന ആകെ ചെലവ് എത്ര കോടിയാണെന്നും, എത്ര കോടി രൂപ ആകെ ഇതുവരെ ചെലവഴിച്ചുവെന്നും വിശദമാക്കുമോ ?

ഉത്തരം

(എ&ബി) തിരുവനന്തപുരം - മംഗലാപുരം അതിവേഗ റെയിൽവേ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി ബന്ധപ്പെട്ട ഏജൻസിയായ ഡി.എം.ആർ.സി. ഇതുവരെ ഏകദേശം 60 ശതമാനത്തോളം സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊതുജന പ്രക്ഷോഭംമൂലം മുടങ്ങിപ്പോയ ശേഷിക്കുന്ന സർവ്വേ നടപടികൾ പൂർത്തീകരിച്ച് വിശദമായ പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് വേണ്ട നടപടികൾ ഡി.എം.ആർ.സി. സ്വീകരിച്ച് വരുന്നു.

(സി) 2011-ലെ കണക്ക് പ്രകാരം തിരുവനന്തപുരം കാസർഗോഡ് പാതയ്ക്ക് 1.2 ലക്ഷം കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പദ്ധതിയുടെ ആവശ്യത്തിനായി ഇതുവരെ 21.40 കോടി രൂപ ചെലവായിട്ടുണ്ട്.

സ്റ്റാർട്ട് അപ് പോളിസി

289 (638) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് സ്റ്റാർട്ട് അപ് പോളിസി പ്രഖ്യാപിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) നയത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിന്റെ കരട് രൂപം തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പോളിസി എന്ന് മുതൽ നടപ്പാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ യുവതി യുവാക്കളെ ശാസ്ത്ര സാങ്കേതിക മേഖലകളിൽ വളർത്തിയെടുക്കുക, അവരിലെ കഴിവുകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപം കൊടുത്തതാണ് ടെക്നോളജി സ്റ്റാർട്ട് അപ്പ് നയം. ഇതുവഴി കേരളത്തെ സംരംഭകത്വ സമൂഹമായി വളർത്തുകയും വിവിധ മേഖലകളിൽ സ്റ്റാർട്ട് അപ്പ് കമ്പനികളെ വളർത്തിയെടുക്കുകയുമാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. ഇന്ത്യയിൽ തന്നെ നൂതന കമ്പനികളുടെ നമ്പർ വൺ മേഖലയായി മാറുവാനും ലോകത്തിലെ 5 പ്രധാന സ്റ്റാർട്ട് അപ്പ് സമൂഹത്തിൽ ഒന്നാകുകയും ചെയ്യുവാൻ വേണ്ട പദ്ധതികൾ ആരംഭിച്ചു കഴിഞ്ഞു. ടെക്നോളജി സ്റ്റാർട്ട് അപ്പ് നയത്തിന്റെ വിശദാംശങ്ങൾ കേരള ഗവൺമെന്റ്, കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ, ഐ.ടി. അറ്റ് കേരളാ, ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻകുബേറ്റർ തുടങ്ങിയവയുടെ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുജന അഭിപ്രായത്തെ അടിസ്ഥാനമാക്കി നയത്തിന്റെ അന്തിമ രൂപം തയ്യാറാക്കിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉടൻതന്നെ അന്തിമ രൂപം നൽകുന്നതാണ്.

കാപെക്സിന്റെ ഫാക്ടറികൾ സംരക്ഷിക്കാൻ സ്വീകരിച്ച നടപടി

290 (639) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാപ്പക്സിന്റെ ഫാക്ടറികൾ പഴയ ഉടമകൾക്ക് വിട്ടുകൊടുക്കണമെന്ന ബഹു. സുപ്രീം കോടതിയുടെ വിധി വന്ന സാഹചര്യത്തിൽ കാപ്പക്സിനെ സംരക്ഷിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

ബഹു. സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ നൽകാൻ കേരള സർക്കാരിന്റെ ഭാഗത്തു നിന്നും സുപ്രീകോടതിയിലെ മുതിർന്ന അഭിഭാഷകനേയും കാപെക്സിന്റെ ഭാഗത്തുനിന്നും സീനിയർ അഡ്വക്കേറ്റിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയ നിയമ നിർമ്മാണത്തിന് സാധ്യതയുണ്ടോ എന്ന് പരിശോധിക്കുവാൻ നിയമ വകുപ്പിനോടും ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly